"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തോടനുബന്ധിച്ച് 2026 മാർച്ച് 11 ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ഏകദിന ദേശീയ സമ്മേളനത്തിൽ കേരളത്തിൽ നിന്ന് പങ്കെടുത്ത 15 വനിതാ പ്രതിനിധികളുടെയും 5 ഉദ്യോഗസ്ഥരുടെയും യാത്രയ്ക്ക് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകിയും യാത്രയ്ക്കും അനുബന്ധ ചെലവുകൾക്കും ചെലവായ തുക രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം)വകുപ്പ്**

സ.ഉ.(സാധാ) നം.821/2026/LSGD തീയതി,തിരുവനന്തപുരം, 25-03-2026

---

പരാമർശം:-

1. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയത്തിൽ നിന്നുള്ള 19.02.2026, 03.03.2026 തീയതികളിലെ M-11015/68/2026-CB നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.03.2026 തീയതിയിലെ LSGD/PD/25604/2025-RGSA1 നമ്പർ കത്ത്

**ഉത്തരവ്**

2026 മാർച്ച് 8-ന് അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ (WERs) സംഭാവനകളെ ആദരിക്കുന്നതിനായി 2026 മാർച്ച് 11 ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ഏകദിന ദേശീയ സമ്മേളനത്തിൽ പ്രതിനിധികളെ പങ്കെടുപ്പിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം നിർദ്ദേശിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്ന് പങ്കെടുക്കുന്ന 15 വനിതാ പ്രതിനിധികൾക്കും 5 ഉദ്യോഗസ്ഥർക്കും യാത്രാനുമതി നൽകുന്നതിനും യാത്രയ്ക്കും അനുബന്ധ ചെലവുകൾക്കും ഉള്ള തുക രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) ഫണ്ടിൽ നിന്നും ചെലവാക്കുന്നതിന് അനുമതി തേടിക്കൊണ്ടും പരാമർശം 2 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ നൽകുകയുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2026 മാർച്ച് 11 ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ഏകദിന ദേശീയ സമ്മേളനത്തിൽ

പങ്കെടുത്ത താഴെ പറയുന്ന 15 വനിതാ പ്രതിനിധികളുടെയും 5 ഉദ്യോഗസ്ഥരുടെയും യാത്രയ്ക്ക് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകിയും യാത്രയ്ക്കും അനുബന്ധ ആവശ്യങ്ങൾക്കും ചെലവായ തുക രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) ഫണ്ടിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ |
|---|---|
| 1 | സി.കെ സരള, പ്രസിഡന്റ്, മാരാരിക്കുളം നോർത്ത് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ |
| 2 | റജി വർഗ്ഗീസ്, പ്രസിഡന്റ്, തിരുവണിയൂർ ഗ്രാമ പഞ്ചായത്ത്, എറണാകുളം |
| 3 | നിസി ഡെനി, മെമ്പർ, ഉടുമ്പാനൂർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി |
| 4 | അനിത.സി, വൈസ് പ്രസിഡന്റ്, കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ |
| 5 | കൃഷ്ണ വേണി.സി, വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ് |
| 6 | ബീന.എ, പ്രസിഡന്റ്, നെടുമ്പന ഗ്രാമ പഞ്ചായത്ത്, കൊല്ലം |
| 7 | ബിന്ദു അനിൽകുമാർ, വൈസ് പ്രസിഡന്റ്, ഉദയനാപുരം ഗ്രാമ പഞ്ചായത്ത്, കോട്ടയം |
| 8 | കെ.പി.ശ്രീബിന, വൈസ് പ്രസിഡന്റ്,<br>കക്കോടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് |
| 9 | സുനീറ സമദ്, പ്രസിഡന്റ്, എടവണ്ണ ഗ്രാമ പഞ്ചായത്ത്, മലപ്പുറം |
| 10 | ലിനി.കെ.കെ, വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, പാലക്കാട് |
| 11 | സ്മിത സന്തോഷ്, ഡെവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് , പത്തനംതിട്ട |
| 12 | ഗീതാ നളൻ, ഡെവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് , തിരുവനന്തപുരം |
| 13 | ഷീബാ.എ.എസ്, പ്രസിഡന്റ്, തളിക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ |
| 14 | ആമിന.പി.ടി, മെമ്പർ, അമ്പലവയൽ, ഗ്രാമ പഞ്ചായത്ത്, വയനാട് |
| 15 | അഡ്വ.സാരുതി.പി, മെമ്പർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് |
| 16 | ദർശന വി രാധാകൃഷ്ണൻ, ആർ.ജി.എസ്.എ ഡിസ്ട്രിക് കോ ഓർഡിനേറ്റർ, തൃശ്ശൂർ |
| 17 | അനു റോയ്, റിസർച്ച് അസിസ്റ്റന്റ്, Localisation of SDG Project, KILA |
| 18 | ഡോ.ചിത്ര പി അരുണിമ, കെ.എ.എസ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ് |
| 19 | വൃജ എൻ.കെ, ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് |
| 20 | അജ്മി.യു.ആർ, കമ്പ്യൂട്ടർ പ്രോഗ്രാമർ, ആർ.ജി.എസ്.എ , പ്രിൻസിപ്പൽ |

| | |
|---|---|
| | ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**GANGA G R**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ. തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട ഓഫീസർമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡിസ്ട്രിക് ട്രഷറി ഓഫീസർ, ഡിസ്ട്രിക് ട്രഷറി, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻ്ഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ

Signed by
ഉത്തരവിൻ പ്രകാരം
Ajith Kumar K A
Date: 25-03-2026 14:28:10
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
സെക്രട്ടറിയുടെ പി.എ.യ്ക്ക്